ഒരു സ്വയംഭരണ സ്വഭാവമുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും തൃശ്ശൂർ മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ നാലു ജില്ലകളിൽ പഞ്ചായത്തിന്റെയും പൊതുജനപങ്കാളിത്തത്തോടെയും പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(1826) മൊകായി ശുദ്ധജല വിതരണ പദ്ധതി

ശ്രീ. സി. മമ്മായിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ മൊകായി ശുദ്ധജല വിതരണ പദ്ധതിയുടെ പണി എന്നാണ് പൂർത്തിയായത്;

(ബി) ഈ പദ്ധതി കമ്മിഷൻ ചെയ്യാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് ഇതുവരെ എത്ര ലക്ഷം രൂപ ചെലവായി എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ ട്രയൽറൺ നടത്തുകയുണ്ടായോ;

(ഇ) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8/97-ൽ പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്തു.

(ബി) ലൈൻ ചാർഡ് ചെയ്യുമ്പോൾ പമ്പിംഗ് മെയിനിലും വിതരണ ശൃംഖലയിലുമുള്ള പൈപ്പുകളിലെ ജോയിന്റുകൾ ലീക്ക് ചെയ്യുന്നതാണ് കാലതാമസത്തിന് കാരണം. ലീക്കുകൾ റിപ്പയർ ചെയ്ത് ലൈൻ സ്റ്റെബിലൈസ് ചെയ്തു വരുന്നു.

(സി) 173.29 ലക്ഷം രൂപ

(ഡി) ട്രയൽ റൺ നടത്തി.

(ഇ) 3/2000-ത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(1828) വാണിയംകുളം ശുദ്ധജല പദ്ധതി

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വാണിയംകുളം പഞ്ചായത്തിലെ പ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ മതിപ്പുതുക എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത് ഏതെങ്കിലും ഏജൻസികളാണോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ പണി എന്ന് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly